# ***മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി***

## ***സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്***

**എറണാകുളം**

**ആലങ്ങാട് ബ്ലോക്ക്**

**വരാപ്പുഴ  പഞ്ചായത്ത്**

**വാർഡ്-1 (തെവര്ക്കാട്)**

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 1/10/2018 to 31/3/2019**

**റിപ്പോർട്ട് തയാറാക്കിയത്**

**പ്രിൻസ് ഫ്രാൻസിസ്,**

**ബി.ആർ.പി.ആലങ്ങാട്**

**സോഷ്യൽ ഓഡിറ്റ് യൂണിറ്റ്**

**തിരുവനന്തപുരം**

### ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ

പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷമതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്ന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

**മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു.**

| Sl no | **അവകാശങ്ങൾ** | |
|---|---|---|
| 1 | തൊഴിൽകാർഡിനായിഅപേക്ഷിക്കുവാനും15ദിവസ ത്തിനകംലഭിക്കുവാനുള്ളഅവകാശം | **ഷെഡ്യൂൾ** 2 |
| 2 | തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | **ഷെഡ്യൂൾ** 1 |
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചിലെങ്കിൽ തൊഴിലാല്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 7,8,9 |
| 4 | എറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം. | |

| | | |
|---|---|---|
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | **ഷെഡ്യൂൾ** 2**പാരഗ്രാഫ്** 18 & **പാരഗ്രാഫ്** 20 |
| 6 | കുടിവെള്ളം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | **ഷെഡ്യൂൾ**2 **പാരഗ്രാഫ്** 23-28 |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം. | **സെഷൻ**3(2),6, sch 2 ,29,a,b,c,d,e,f.30 |
| 8 | തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 3(3) |
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം. | **സെഷൻ** 19, & **സെഷൻ** 17( 2) |

## അവകാശ അധിഷ്ഠിത നീരിക്ഷണങ്ങൾ

*,തൊഴിൽ കാർഡിനുള്ള ഫോട്ടോ തൊഴിലാളികൾ സ്വന്തം ചെലവിലാണ് നൽകിയിട്ടുള്ളത് എന്നും മനസിലാക്കാൻ സാധിച്ചു. വാർഡു ലെ എല്ലാ ആക്ടിവ് തൊഴിലാളികൾക്കും തൊഴിൽ കാർഡ് പുതിക്കി നൽകിയിട്ടുണ്ട്.

* ഫയൽ പരിശോധനയിൽ എ.എം.സി. പ്രകാരമുള്ള ഡിമാന്റ് ഫോറം കാണാൻ സാധിച്ചില്ല. .
അതിനാൽ തൊഴിലിനു അപേക്ഷിച്ചിട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചോ എന്ന

കാര്യത്തിൽ വ്യക്തതയില്ല. ആയതിനാൽ തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നു അവർ തൊഴിലുറപ്പ് നിയമ പ്രകാരമല്ല തൊഴിൽ ആവശ്യപ്പെട്ടത് എന്ന് മനസിലായി.

* ഗ്രാമസഭയിൽ പങ്കെടുക്കാറുള്ളതായി തൊഴിലാളികൾ പറഞ്ഞുവെങ്കിലും പദ്ധതി ആസൂത്രണത്തിൽ അവർ പങ്കെടുത്തിരുന്നോ എന്ന കാര്യം വ്യക്തമല്ല.

*തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്.

*തൊഴിൽ സ്ഥലത്ത് കുടിവെള്ളം, തണൽ എന്നിവ ഉണ്ടെങ്കിലും അവയെല്ലാം തൊഴിലാളികൾ സ്വന്തമായി ക്രമീകരിച്ചിരിക്കുന്നതാണ്. മാത്രമല്ല പ്രഥമ ശുശ്രൂഷ കിറ്റ് രൂപ ചിലവഴിച്ചു വാങ്ങിയതിന് ശേഷം ബിൽ തൊഴിലുറപ്പ് ഓഫിസ്ിൽ നൽകി പൈസ ലഭിക്കാറുണ്ടെന്ന് മേറ്റ് പറയുകയുണ്ടായി.


*ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്

* തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും ,തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല.
* അതുപോലെ തന്നെ തൽസമയ സാമൂഹിക പരിശോധന കൃത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞട്ടില്ല.

## പൊതുവിവരങ്ങൾ -വരാപ്പുഴ പഞ്ചായത്ത്

| | |
|---|---|
| ജില്ല | എറണാകുളം |
| ബ്ലോക്ക് | ആലങ്ങാട് |
| വിസ്തീർണ്ണം | 7.74ച.കി.മീ. |
| വാർഡുകളുടെ എണ്ണം | 16 |
| ജനസംഖ്യ | 26755 |
| പുരുഷൻമാർ | 13132 |
| സ്ത്രീകൾ | 13623 |
| പട്ടിക ജാതി | 865 |
| പുരുഷ | 400 |
| സ്ത്രീകൾ | 465 |

## വരാപ്പുഴ പഞ്ചായത്ത് മാപ്പ്




### വാർഡ്1 (തെവക്കാട്)

### അടിസ്ഥാനവിവരങ്ങൾ

ആകെ കുടുംബങ്ങളുടെ എണ്ബ്രാ : 508

എസ്.സി : 9

പ്രധാന തോടുകൾ : ആറാട്ടുകടവ് തോട്, ആറാട്ടുകടവ് ബ്രാഞ്ചോട്, ആട്ടേതറ തോട്,

**അതിർത്തികൾ**

പടിഞ്ഞാറ് : കൊങ്ങനാട്ടു പുഴ പഞ്ചായത്ത്

വടക്ക് : കോട്ടുവള്ളി പഞ്ചായത്ത്

തെക്ക് : വാർഡ് 2 & 15

കിഴക്ക് : NH 17

**പ്രധാന സ്ഥാപനങ്ങൾ**

അംഗൻവാടി :രണ്ട് എണ്ണം , (105 നമ്പർ,)

**പ്രധാന വിളകൾ** :, പൊക്കാളി അരി,തെങ്ങ്,കപ്പ, വാഴ,പച്ചകറി, മൽസ്യ കൃഷി മറ്റു കിഴങ്ങ് വർഗങ്ങൾ

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

- പഞ്ചായത്ത് പ്രസിഡണ്ട്, പഞ്ചായത്ത് സെക്രട്ടറി, വാർഡ് മെംമ്പർ, മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ജീവനക്കാർ സോഷ്യൽ ഓഡിറ്റ് അംഗങ്ങൾ എന്നിവർ ചേർന്ന യോഗത്തിൽ സോഷ്യൽ ഓഡിറ്റിനെക്കുറിച്ചും, വാർഡ് ൽ ചെയ്യുന്ന സോഷ്യൽ ഓഡിറ്റ് പ്രവർത്തങ്ങളെകുറിച്ച് ചർച്ച ചെയ്യൽ .
- കഴിഞ്ഞ6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ , MIS എന്നിവ പരിശോധിക്കൽ
- പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
- ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു,
- തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .
- വിവരശേഖരണാർത്ഥം പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, ഓഫീസിലെ ജീവനക്കാർ, ബ്ലോക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരെ അഭിമുഖങ്ങൾക്കും ചർച്ചകൾക്കും ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷനും വിധേയമാക്കി.
- ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ

## രജിസ്റ്ററുകളുടെ പരിശോധന

### 1.അലോക്കേഷൻ ഓഫ് വർക്ക്,പേയ്മെന്റ് ഓഫ് വേജസ് ആൻഡ് ഡിമാൻഡ് ഫോർ വർക്ക്

2018-2019 കാലയളവില സെകുറിൽ നിന്നുള്ള എല്ലാ വാർഡ് കളിലെ അലോക്കേഷൻ രജിസ്റ്റെറർ ഉണ്ടായിരുന്നത്.

2018-2019 വർഷത്തെ സെകുറിൽനിന്നുള്ള ഡിമാൻഡു രജിസ്റ്റർ ആണ് ഉണ്ടായിരുന്നത്.

**2. മെറ്റിരിയൽ രജിസ്റ്റർ**

- 2018-19 കാലഘട്ടത്തിലെ സെകുറിൽ നിന്നുള്ള മെറ്റിരിയൽ രജിസ്റ്റർ ആണ് പരിശോധിച്ചത്.

- എല്ലാ വാർഡ് ലെ പ്രവർത്തികളുടെ വിശദാംശങ്ങൾ ഒരുമിച്ചാണ് ഉണ്ടായിരുന്നത്.

**3. വർക്ക് രജിസ്റ്റർ**

- 100 പേജിന്റ 2018-19 വർഷത്തെ വർക്ക് രജിസ്റ്റർ ഉണ്ടായിരുന്നു. ഇതിൽ പ്രവർത്തി കളുടെ പേര് ,വാർഡു എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സെകുറിൽ നിന്നുള്ള വർക്ക് രെജിസ്റ്റെറർ ഉണ്ടായിരുന്നു.

**4. തൊഴിൽ കാർഡ് വിതരണ രജിസ്റ്റർ**

- പരിശോദന സമയത്ത് 368 പേജു അടങ്ങിയ തൊഴിൽ കാർഡ് രജിസ്റ്റെറർ ഉണ്ടായിരുന്നു.

- 26/6/2013 മുതൽ 04/07/2017 വരെ നൽകിയ തൊഴിൽ കാർഡിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

- എല്ലാ പേജിലും സെക്രട്ടറിയുടെ ഒപ്പും, സീലും ഉണ്ടായിരുന്നു.

  .എല്ലാവരുടെയും ഫോട്ടോ കാണാൻ സാധിച്ചു.

**5. പരാതി രജിസ്റ്റർ**.

- 200 പേജിന്റ പരാതി രജിസ്റ്റർ ഉണ്ടായിരുന്നു.

- പരാതി രജിസ്റ്ററിൽ രെഖപെടുതിയിരുന്ന പരാതികളിൽ 24/9/2013 മുതൽ 16/4/2014 വരെ വർഷത്തെ കൂലി താമസിക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ മാത്രംമാണ് ഉണ്ടായിരുന്നത്. മാത്രമല്ല സെക്രട്ടറി പരാധികൾക്ക് തീർപ്പു നകിയിട്ടും ഉണ്ട്.

**6. ഗ്രാമസഭ രജിസ്റ്റർ**

തൊഴിലാളി ഗ്രാമസഭ രജിസ്റ്റർ ആണ് ഉണ്ടായിരുന്നത്.

ഗ്രാമസഭയുടെ മിനിറ്റ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മിനിറ്റ്സ് ബാഗികവും അപൂർണവും ആയിരുന്നു.,

**7.ഫിക്സഡ് അസറ്റ് രജിസ്റ്റർ**

ഫയൽ/രജിസ്റ്റർ പരിശോധനക്കു വിധേയമാക്കിയപ്പോൾ 150 പേജ് അടങ്ങിയ ഫിക്സഡ് അസറ്റ് രജിസ്റ്റർ പഞ്ചായത്തിൽ ഉണ്ടായിരുന്നു. എങ്കിലും ഫയലിൽ വിവരങ്ങൾ അപൂർണമായാണ് ഉണ്ടായിരുന്നത്.

## തൊഴിൽ കാർഡ് പരിശോധന

- തൊഴിൽ കാർഡിനുവേണ്ടി രജിസ്റ്റർ ചെയ്തിട്ടുള്ള 123 കുടുംബങ്ങൾക്കും തൊഴിൽ കാർഡ് വിതരണം നടത്തിയിട്ടുണ്ടെന്നാണ് MIS പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളത്. സോഷ്യൽ ഓഡിറ്റിങ്ങ് ഭാഗമായി തൊഴിൽ കാർഡ് പരിശോധന നടത്തുകയുണ്ടായി.33 ആക്ടിവ് തൊഴിൽ കാർഡ് ഉടമകളുടെ തൊഴിൽ കാർഡ് പരിശോധിച്ചു.

- പുതിയ തൊഴിൽ കാർഡുകളിൽ തൊഴിൽ ആവശ്യപ്പെടുന്ന വ്യക്തി യുടെ പേര്, തൊഴിൽ ആവശ്യപ്പെടുന്ന സംബന്ധിച്ച തിയതി,തൊഴിൽ നൽകിയ തിയതി,തൊഴിൽ ദിവസങ്ങളുടെ എണ്ണം, മസ്റ്റർ റോൾ നമ്പർ,ലഭിച്ച കൂലി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.

- പരിശോദിച്ച തൊഴിൽ കാർഡുകളിൽ 2018-2019 വർഷത്തെ ജൂൺ,ജൂലൈ,ആഗസ്റ്റ് മാസങ്ങളിൽ ചെയ്ത പ്രവർത്തിയുടെ തൊഴിൽദിനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

- എല്ലാവരുടയും ബാങ്ക് പാസ് ബുക്ക് പുതുക്കാറുണ്ട്

- 2018 വർഷത്തെ തൊഴിൽ ദിനങ്ങളുടെ കൂലി എല്ലാം ലഭിച്ചതായി തൊഴിലാളികൾ തന്നെ പറയുകയുണ്ടായി.

- തൊഴിൽ കാർഡിൽ പതിപ്പിക്കുവാനുള്ള ഫോട്ടോ എടുക്കുന്നത് എല്ലാവരും സ്വന്തം ചെലവിലാണ്.

- **സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്**

തൊഴിലുറപ്പ് പ്രവർത്തികൾ സുധാര്യം ആക്കുന്നതിനും പ്രവർത്തികളുടെ പ്രാഥമിക വിവരങ്ങൾ, ചിലവഴിച്ച തുക എന്നിവ എല്ലാ ജനങ്ങൾക്കും മനസിലാകുന്നതിനും പ്രവർത്തി സ്ഥലത്ത് പ്രദർശിപ്പികേണ്ട രേഖയാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്. എന്നാൽ ഫീൽഡ് വെരിഫിക്കേഷൻ സമയത്ത് 10 പ്രവർത്തിയിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ സാധിച്ചില്ല.

### വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി (VMC)

തൊഴിലുറപ്പ് പ്രവർത്തിയുടെ ഉദേശ ലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടോ അവയുടെ ഗുണങ്ങൾ ലഭിക്കുണ്ടോ എന്നാ കാര്യംങ്ങൾ ഉറപ്പു വരുത്തേണ്ടത് വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി യുടെ ഉത്തരവാദിത്തമാണ്. കൂടാതെ യഥാസമയങ്ങളിൽ തൊഴിലാളികൾക്ക് വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്യണ്ടാതുമാണ്. എന്നാൽ വാർഡു 1 മാസ്റ്റർ സെർകുലർ പ്രകാരമല്ല വി.എം.സി അംഗങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നത്.മാത്രമല്ല തൊഴിലാളികൾ തന്നെയാണ് വി.എം.സി അംഗങ്ങൾ.

തൊഴിലുറപ്പ് ദിനം (റോസ്ഗാർ ദിവസ്)

തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവർക്ക് അവകാശങ്ങളെപറ്റി മനസിലാക്കി കൊടുക്കുന്നതിനും വേണ്ടിയാണു തൊഴിലുറപ്പ് ദിനം കൊണ്ടാടേണ്ടത്.എന്നാൽ വരാപ്പുഴ പഞ്ചായത്തിൽ യോഗം കൂടാറുണ്ടെങ്കിലും തൊഴിലുറപ്പ് ദിനത്തിന്റ യഥാർത്ഥ ലക്ഷ്യം കൈവരിക്കറുണ്ടോ എന്നാ കാര്യത്തിൽ സംശയം ഉണ്ട്.

## പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികൾ

| Sl | പ്രവർത്തിയുടെ പേര് | വർക്ക് കോഡ് |
|---|---|---|
| 1 | **ആറാട്ടുകടവ് തോട് പുനരുദ്ധാരണം** | **1608001004/WH/319603** |
| 2 | **ആട്ടേതറ തോട് പുനരുദ്ധാരണം** | **1608001004/WH/319605** |
| 3 | **ആറാട്ടുകടവ്ബ്രാഞ്ച് തോട് പുനരുദ്ധാരണം** | **1608001004/LD/327495** |
| 4 | **ഒന്നാം വാർഡിൽ വെള്ളകെട്ട ഒഴിവാക്കുവാന്നുള്ള ഓവു ചാലുകളുടെ നവീകരണം.** | **1608001004/LD/308047** |
| 5 | **കുളം നിർമാണം** | **1608001004/IF/391520** |
| 6 | **ഒന്നാം വാർഡിൽ പ്രളയബാധിത പ്രദേശങ്ങളിൽ എക്കൽ നീക്കം ചെയ്യൽ.വിവിധ ഭൂവികസന പ്രവർത്തികൾ** | **1608001004/IF/370073** |
| 7 | **ഒന്നാം വാർഡിൽ സർക്കാറിന്റ വിവിധ ഭാവന നിർമ്മാണ പദ്ധധികളുമായി സംയോജിപ്പിച്ച് നിർമാണ സഹായം (ലേഖ ഹരീഷ്)** | **1608001004/IF/259548** |
| 8 | **ഒന്നാം വാർഡിൽ സർക്കാറിന്റ വിവിധ ഭാവന നിർമ്മാണ പദ്ധധികളുമായി സംയോജിപ്പിച്ച് നിർമാണ സഹായം(ശോഭ സുരേഷ്)** | **1608001004/IF/259553** |
| 9 | **ഒന്നാം വാർഡിൽ IHHL നിർമാണം(ലേഖ ഹരീഷ്)** | **1608001004/IF/376871** |
| 10 | **ഒന്നാം വാർഡിൽ IHHL നിർമാണം(ശോഭ സുരേഷ്)** | **1608001004/IF/376873** |

| Sl no | 22 Documents | 1608001004/WH/319603 | 1608001004/WH/319604 | 1608001004/WH/319605 | 1608001004/IF/391520 | 1608001004/FP/308047 | 1608001004/IF/370073 | 1608001004/IF/259553 | 1608001004/IF/259548 | 1608001004/IF/376871 | 1608001004/IF/376873 | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Cover page | Yes | Yes | Yes | Yes | Yes | Yes | Yes | Yes | Yes | Yes | |
| 2 | Check list | Yes | Yes | Yes | Yes | Yes | Yes | Yes | Yes | Yes | Yes | |
| 3 | Action plan | Yes | Yes | Yes | Yes | Yes | Yes | No | No | Yes | Yes | |
| 4 | Estimate | Yes | Yes | Yes | Yes | Yes | Yes | Yes | Yes | Yes | Yes | |
| 5 | TS | Yes | Yes | Yes | Yes | Yes | Yes | Yes | Yes | Yes | Yes | |
| 6 | AS | Yes | Yes | Yes | Yes | Yes | Yes | Yes | Yes | Yes | Yes | |
| 7 | Convergence | NA | Na | Na | Na | Na | Na | Na | Na | Na | Na | |
| 8 | Muster roll | Yes | Yes | Yes | Yes | Yes | Yes | Yes | Yes | Yes | Yes | |
| 9 | Wage list | Yes | Yes | Yes | Yes | Yes | Yes | Yes | Yes | Yes | Yes | |
| 10 | Fto | No | No | No | No | No | No | No | No | No | No | |
| 11 | Material | Na | Na | Na | Na | Na | Na | Na | Na | No | Yes | |
| 12 | M book | Yes | Yes | Yes | Yes | Yes | Yes | Yes | Yes | Yes | Yes | |
| 13 | Demand | Yes | Yes | Yes | No | Yes | Yes | No | No | No | No | |
| 14 | Allocation | No | No | No | No | No | No | No | No | No | No | |
| 15 | Completion | Yes | No | No | No | No | No | Yes | Yes | Yes | Yes | |
| 16 | Muster movement list | Yes | Yes | Yes | Yes | Yes | Yes | Yes | Yes | Yes | Yes | |
| 17 | Material voucher & bills | No | Na | No | Yes | No | No | No | No | No | Yes | |
| 18 | Royalty | Na | Na | Na | Na | Na | Na | Na | Na | Na | Na | |
| 19 | Photos | No | No | No | No | No | No | No | No | No | No | |
| 20 | Geo tag photo | No | No | No | No | No | No | No | No | No | No | |
| 21 | Social audit report | No | No | No | No | No | No | No | No | No | No | |
| 22 | Site diary | Yes | Yes | Yes | No | Yes | Yes | No | No | No | No | |

## 22 ഡൊക്യുമെൻ്റ്സ്

### 1. **കവർപേജ്**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപേജിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചെലവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്. പരിശോധിച്ച 10 പ്രവർത്തി ഫയലുകളിൽ വാർഷിക മാസ്റ്റർ സർക്യൂലർ പ്രകാരമുള്ള കവർ പേജ് കാണാൻ സാധിച്ചു എന്നാൽ ഫയലുകളിൽ വിവരങ്ങൾ ഭാഗികമായാണ് രേഖപ്പെടുത്ത്യിയിരിക്കുനത് . .

### 2. ചെക്ക് ലിസ്റ്റ്

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച 10 ഫയലുകളിൽ വാർഷിക മാസ്റ്റർ സർക്യൂലർ പ്രകാരമുള്ള ചെക്ക് ലിസ്റ്റ് കാണാൻ സാധിച്ച. എങ്കിലും രേഖകൾ ഓർഡറിൽ സുക്ഷിക്കെണ്ടാതുണ്ട്. .

### 3. ആക്ഷൻപ്ലാൻ കോപ്പി

പരിശോധിച്ച 10 ഫയലുകളിൽ 2 ഫയലിൽ വാർഷിക മാസ്റ്റർ സറക്യൂലർ പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിന്റെ കോപ്പി കാണാൻ സാധിച്ചു.

### 4. എസ്റ്റിമേറ്റ് കോപ്പി

പരിശോധിച്ച 10 ഫയലുകളിലും സെക്യൂറിൽ നിന്നുമെടുത്ത എസ്റ്റിമേറ്റിൽ കോപ്പി കാണാൻ സാധിച്ചു.എന്നാൽ എല്ലാ ഫയലിലും സർവ്വേ ഡാറ്റ ,ജനകീയ എസ്റ്റിമേറ്റ് എന്നിവ ഉണ്ടായിരുന്നില്ല.മാത്രമല്ല, എസ്റ്റിമേറ്റെന്റ കോപ്പിയിൽ അക്രഡിക്യൂഡ് എഞ്ചിനീയരുടെ ഒപ്പ്, സീല് എന്നിവ ഉണ്ടായിരുന്നില്ല.

### 5. സാങ്കേതികാനുമതി

പരിശോധിച്ച 10 ഫയലുകളിൽ സെക്യൂറിൽ നിന്നെടുത്ത സാങ്കേതികനുമതിയുടെ കോപ്പി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സീൽ തീയതി മുതലായവ കാണാൻ സാധിച്ചില്ല.

### 6. ഭരണാനുമതി

പരിശോധിച്ച 10 ഫയലുകളിൽ സെക്യൂറിൽ നിന്നെടുത്ത സാങ്കേതികനുമതിയുടെ കോപ്പി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സീൽ തീയതി മുതലായവ കാണാൻ സാധിച്ചില്ല.

### 7. സംയോജിത പദ്ധതി

പരിശോധനയ്ക്ക് വിധേയമാക്കിയ 10 പ്രവർത്തികളും **സംയോജിത പ്രവർത്തിയായിരുന്നില്ല.**

### 8. തൊഴിലിനുള്ള അപേക്ഷ

പരിശോധിച്ച 10 ഫയലുകളിൽ 5 ഫയലുകളിൽ ഏതെങ്കിലും തരത്തിലുള തൊഴിൽ അപേക്ഷ ഉണ്ടായിരുന്നു.(വെള്ള പേപ്പറിൽ തയ്യാറാക്കിയതും,) എന്നാൽ എത്ര ദിവസത്തേക്കന്നോ കൃത്യമായി വ്യക്തമാക്കുന്നില്ല.

**9. പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം**

പരിശോധിച്ച 10 ഫയലുകളിലും പ്രവർത്തി അനുവദിച്ച ഫോം ഉണ്ടായിരുന്നില്ല.

**10. ഇ മസ്റ്റർ റോൾ**

പരിശോധിച്ച 10 പ്രവർത്തി ഫയലുകളിൽ മസ്റ്റർ റോളുകളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടായിരുന്നില്ല. മസ്റ്റർ റോളുകളിൽ ബി.ഡി.ഓ ,സെക്രെട്ടറി എന്നിവരുടെ ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നെങ്കിലും തിയതി ഉണ്ടായിരുന്നില്ല. മസ്റ്റർ റോളുകളിൽ ആയുധങ്ങളുടെ വാടക,എം.ബുക്ക് .നമ്പർ, രേഖപെടുത്തിയിട്ടില്ല. .

**11. മെഷറ്മെന്റ് ബുക്ക്**

മെഷറ്മെന്റ് ബുക്കിൽ പ്രീ മെഷറ്മെന്റ് ,എ .എസ് നമ്പർ,ടി എസ് നമ്പർ എന്നിവ രേഖപ്പെടുത്തിട്ടുണ്ടായിരുന്നില്ല. എല്ലാ മെഷർ മെന്റ് ബുക്കിലും ഒന്നോ അതിലധികമോ ഇടങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥർ ഒപ്പ് രേഖപെടുത്തുമ്പോൾ തീയതി എഴുതിയിരുന്നില്ല. കൂടാതെ തുക അനുവദിക്കുന്നത് സംബന്ധിച്ച് സെക്രട്ടറിയുടെ ഒപ്പ് ഉണ്ടെങ്കിലും, സെക്രട്ടറിയുടെ സീൽ ,പ്രസിഡന്റ് എന്നിവരുടെ ഒപ്പ്, സീൽ എന്നിവ ഉണ്ടായിരുന്നില്ല.

**12. മെറ്റീരിയൽ**

10 പ്രവർത്തികളിൽ 2 പ്രവർത്തിയായ IHHL നിർമാണ പ്രവർത്തിയിൽ ഒരെണ്ണത്തിൽ മാത്രമെ മെറ്റീരിയലുമയി ബന്ധപ്പെട്ട രേഖ ഉണ്ടായിരുന്നത്.

**13. വെജ്‌ലിസ്ററ്**

പരിശോധിച്ച 10 പ്രവർത്തിഫയലുകളിൽ വേജ് ലിസ്റ്റ് ഉൾപ്പെടുത്തിയിരുന്നു.

**14.ഫണ്ട് ട്രാൻസ്ഫർ ഓർഡർ**

**വരാപ്പുഴ പഞ്ചായത്തിൽ എല്ലാ പ്രവർത്തിയുടെ ഫണ്ട് ട്രാൻസ്ഫർ ഓർഡർ ഒരുമിച്ചാണ് പ്രിന്റ്എടുത്തു സൂക്ഷിക്കുനത് ആയതിനാൽ ഓരോ പ്രവർത്തിയുടെ വർക്ക് ഫയലിൽ ഇതു ഉണ്ടായിരുന്നില്ല.**

**15. മെറ്റീരിയൽ വൗച്ചർ ബിൽ**

ഒരു പ്രവൃത്തികൾക്ക് മാത്രമാണ് ഈ കാലയളവിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കാനുള്ള തുക എംഐ എസിൽ രേഖപെടുത്തിയിരുന്നത്. ഇതിനെ സംബന്ധിച്ചുള്ള ബില്ലുകൾ ഫയലിൽ ഉൾപെടുത്തിയിരുന്നു

**16. റോയൽറ്റി**

പരിശോധിച്ച 10 ഫയലുകളിലും റോയൽറ്റി ബാധകം ആയിരുന്നില്ല

**17. ഫോട്ടോഗ്രാഫ്സ്**

ഫയലുകളിൽ ഉണ്ടാകേണ്ട 3 ഘട്ടത്തിലെ ഫോട്ടോകൾ ഉണ്ടായിരുന്നില്ല. (ആരംഭിക്കുന്നതിനു മുമ്പും നടന്നു കൊണ്ടിരിക്കുമ്പോഴും, അവസാനിക്കുമ്പോഴും).

**18. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം**

പരിശോധിച്ച 10 ഫയലുകളിൽ 5 ഫയലിലും പ്രവർത്തി പൂർത്തികരണ സാക്ഷ്യപത്രം കാണാൻ സാധിച്ചു .

**19. മസ്റ്റർ റോൾ മൂവേമെന്റ്**

മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പുകൾ പരിശോധിച്ച എല്ലാ ഫയലിലും കാണാൻ സാധിച്ചു, എന്നാൽ മസ്റ്റർ റോൾ നമ്പറുകൾ കൃത്യമായി രേഖപെടുത്താത്തതും പല കോളങ്ങളും പൂരിപ്പിക്കാത്ത രീതിയിലും അപൂർണ്ണമായി മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പുകൾ കാണപ്പെട്ടു .

**20. ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്സ്**

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല .

**21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി**

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല .

**22. സൈറ്റ് ഡയറി**

പൊതുപ്രവർത്തികളുടെ ഫയലിൽ മാത്രമെ സൈറ്റ് ഡയറി കാണാൻ സാധിച്ചത്. സൈറ്റ് ഡയറികളിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പുള്ള മീറ്റിങ് തൊഴിലാളികളുടെ സാക്ഷ്യപത്രം, സന്ദർശ്ശന കുറിപ്പ് എന്നീ ഭാഗങ്ങൾ പൂരിപ്പിച്ചതായി കാണപ്പെട്ടു. എന്നാൽ വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്, ചികിത്സ സംബന്ധമായ വിവരങ്ങൾ,ഉപകരണങ്ങളുടെ വാടക ഒന്നും തന്നെ രേഖപ്പെടുത്തി കണ്ടില്ല. മാത്രമല്ല വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി അംഗംങ്ങൾ തൊഴിലാളികൾ തന്നെയാണ്.

# പൊതു പ്രവർത്തികൾ

| നമ്പർ | പ്രവർത്തി പേര് | എസ്റ്റിമെറ്റ് പ്രകാരം അളവുകൾ (നീളം) | എം.ബുക്ക്പ്രകാരം അളവുകൾ (നീളം) | ഫീൽഡ് വെരിഫിക്കേഷൻ പ്രകാരം അളവുകൾ | സോഷ്യൽ ഓഡിറ്റ് പ്രകാരം വിലയിരുത്തൽ |
|---|---|---|---|---|---|
| 1 | **ആറാട്ടുകടവ് തോട് പുനരുദ്ധാരണം** | **കാടു വെട്ടൽ** 600m<br><br>**മണ്ണ് ഉപയോഗിച്ചേ്തച്ചു പിടിപ്പിക്കൽ** 600m<br><br>**ചെളി നീക്കം ചെയ്തു ആഴം കൂട്ടൽ** 600m | **കാടു വെട്ടൽ** 565m<br><br>**മണ്ണ് ഉപയോഗിച്ചേ്തച്ചു പിടിപ്പിക്കൽ** 634m<br><br>**ചെളി നീക്കം ചെയ്തു ആഴം കൂട്ടൽ** 601.5m | **ചെളി നീക്കം ചെയ്തു ആഴം കൂട്ടൽ** 620m (**ജിയോട്രാക്കെർ)** | **എങ്കിലും തൊഴിലാളികൾ തോടിന്റ, സാമാന്യം വീതികൂടിയ ഭാഗം ഒഴികെ എല്ലാ ഭാഗവും വൃത്തിയാക്കിയിട്ടുണ്ട്. ജിയോ ട്രാക്കർ പ്രകാരം നീളം** 1046.07m |

| | | | | | |
|---|---|---|---|---|---|
| 2 | **ആറാട്ടുകടവ് ബ്രാഞ്ച് തോട് പുനരുദ്ധാരണം** | **കാടു വെട്ടൽ** 600m<br><br>**മണ്ണ് ഉപയോഗിച്ചേ്തച്ചു പിടിപ്പിക്കൽ** 500m<br><br>**ചെളി നീക്കം ചെയ്തു ആഴം കൂട്ടൽ** 500m | **കാടു വെട്ടൽ** 453m<br><br>**മണ്ണ് ഉപയോഗിച്ചേ്തച്ചു പിടിപ്പിക്കൽ** 401m<br><br>**ചെളി നീക്കം ചെയ്തു ആഴം കൂട്ടൽ** 418m | **ചെളി നീക്കം ചെയ്തു ആഴം കൂട്ടൽ** 476m **ജിയോട്രാക്കെർ** | **എങ്കിലും തൊഴിലാളികൾ തോടിന്റെ കോൺക്രീറ്റ് സ്ലാബ് ഇട്ടു മൂടിയ ഭാഗംവും**, **വീടുകളുടെ മതിൽക്കെട്ടിനു ഉള്ളിലും,അടിയിലും,ഒഴികെ എല്ലാ ഭാഗവും വൃത്തിയാക്കിയിട്ടുണ്ട്. ജിയോട്രാക്കർ പ്രകാരം നീളം** 476.57m |
| 3 | **അട്ടെത്തറ തോട് പുനരുദ്ധാരണം** | **കാടു വെട്ടൽ** 550m<br><br>**മണ്ണ് ഉപയോഗിച്ചേ്തച്ചു പിടിപ്പിക്കൽ** 510m<br><br>**ചെളി നീക്കം ചെയ്തു ആഴം കൂട്ടൽ** 610m | **കാടു വെട്ടൽ** 372m<br><br>**മണ്ണ് ഉപയോഗിച്ചേ്തച്ചു പിടിപ്പിക്കൽ** 285m<br><br>**ചെളി നീക്കം ചെയ്തു ആഴം കൂട്ടൽ** 265m | **ചെളി നീക്കം ചെയ്തു ആഴം കൂട്ടൽ** 300m **ജിയോട്രാക്കെർ** | **എങ്കിലും തൊഴിലാളികൾ തോടിന്റെ കോൺക്രീറ്റ് സ്ലാബ് ഇട്ടു മൂടിയ ഭാഗംവും, സാമാന്യം വീതികൂടിയ ഭാഗം ഒഴികെ എല്ലാ ഭാഗവും വൃത്തിയാക്കിയിട്ടുണ്ട്. ജിയോട്രാക്കർ പ്രകാരം നീളം** 1207.60m |

| | | | | | |
|---|---|---|---|---|---|
| 4 | കുളം നിർമ്മാണം | **കാട്ടു വെട്ടൽ** 12*12 m<br>**മണ്ണ് നീക്കം ചെയ്തു ആഴം കൂട്ടൽ** (9+8/2)m | **കാട്ടു വെട്ടൽ** 12*12m<br>**മണ്ണ് നീക്കം ചെയ്തു ആഴം കൂട്ടൽ** (9+8/2)m | **കാട്ടു വെട്ടൽ** (10*10)m<br>**മണ്ണ് നീക്കം ചെയ്തു ആഴം കൂട്ടൽ** (10*10)m | **തൊഴിലാളികൾ നല്ല രീതിയിൽ പ്രവർത്തി ചെയ്തിട്ടുണ്ടെങ്കിലും എപ്പോൾ കുളം ഉപയോഗശൂന്യംമായി കിടക്കുന്നു** |
| 5 | ഒവുചാലുകലുടെ നവീകരണം | **കാട്ടു വെട്ടൽ** 2300m<br>**ചെളി നീക്കം ചെയ്തു ആഴം കൂട്ടൽ** 650m | **കാട്ടു വെട്ടൽ** 1873m<br>**ചെളി നീക്കം ചെയ്തു ആഴം കൂട്ടൽ** 483m | **ചെളി നീക്കം ചെയ്തു ആഴം കൂട്ടൽ** 697m **ജിയോട്രാക്കെർ** | **എങ്കിലും തൊഴിലാളികൾ ഒവ് ചാലിന്റ കോൺക്രീറ്റ് സ്ലാബ് ഇട്ടു മൂടിയ ഭാഗം ഒഴികെ ഭാക്കി ഭാഗംവൃത്തിയാകക്കിയിട്ടുണ്ട്. ജിയോട്രാക്കർ പ്രകാരം നീളം** 697.56m |

| | | | | | |
|---|---|---|---|---|---|
| 6 | **എക്കൽ നീകം ചെയ്തു കൃഷിക്ക് ഉപയുക്തമാക്കൽ** | **കാട്ടു വെട്ടൽ** 8000m<br>**മണ്ണ് കിളച്ചു മറിക്കൽ** 8000m<br>**വാരം നിർമാണം** 3627.57m | **കാട്ടു വെട്ടൽ** 4659.8m **മണ്ണ് കിളച്ചു മറിക്കൽ** 7834.83m<br>വാരം നിർമാണം **3627.67m** | **മണ്ണ് കിളച്ചു മറിക്കൽ** 7834.83m<br>വാരം നിർമാണം ഫീൽഡ് തലത്തിൽ അളന്നു തിട്ടപ്പെടുതിയപ്പോൾ 391.68m2 ലഭ്യമായത്. | എന്നിരുന്നാലും പ്രദേശത്തെ മണ്ണിന്റ ഘടനയും വെള്ളക്കെട്ടും മൂലവും,കപ്പ ,പച്ചക്കറി എന്നിവ വിളവു എടുത്തതിനു ശേഷവും ബണ്ടുകൾ അളന്നുതിട്ടപ്പെടുത്താൻ ബുദ്ധിമുട്ടാണ്. |

| Si no | Name/work code | Start date | End date | Estimate amount | Actual expence | M.B no. | Mandays | |
|---|---|---|---|---|---|---|---|---|
| 1 | WH/319603 | 16-01-2019 | 27-01-2019 | 92000 | 78319 | 25/18.19 | 289 | |
| 2 | WH/319604 | 29-1-19 | 7-2-19 | 80000 | 70731 | 15/17.18 | 261 | |
| 3 | WH/319605 | 27-2-19 | 9-3-19 | 80000 | 66124 | 101/18.19 | 244 | |
| 4 | FP/308047 | 12-12-18 | 27-12-18 | 80000 | 56910 | 79/18.19 | 210 | |
| 5 | IF/391520 | 12-2-19 | 16-2-19 | 50000 | 43921 | 96/18.19 | 151 | |
| 6 | IF/370073 | 26-10-19 | 15-1-19 | 300000 | 282382 | 61/18.19 | 1042 | |

## കണ്ടെത്തലുകൾ

- ആറാട്ടുകടവ്,ആറാട്ടുകടവ് ബ്രാഞ്ച്,അട്ടെത്തറ എന്നി തോടുകളുടെ ഭൂരിഭാകം നീളം വൃത്തിയാക്കുന്ന പ്രവർത്തിയാണ് തൊഴിലാളികൾ ചെയ്തത്. എന്നാൽ എസ്റ്റിമെറ്റ് പ്രകാരമാണോ തൊഴിലാളികൾ പ്രവർത്തി ചെയ്തത് എന്നാ കാര്യത്തിൽ വ്യക്തതയില്ല. എങ്കിലും പ്രായമായ തൊഴിലാളികൾ ഈ പ്രവർത്തി വളരെ ബുദ്ധിമുട്ടിയാണ് ചെയ്തത്. മാത്രമല്ല വെള്ളത്തിന്റ ഒഴുക്ക് സുഗമമായാണ് കാണാൻ സാധിച്ചത്.എങ്കിലും ചില ഭാകങ്ങളിൽ രണ്ടു വശവും കാട്ടുപിടിച്ച രീതിയിലാണ്. മാത്രമല്ല തോടുകളിൽ വീടുകളിൽ നിന്നുള്ള മലിനജലം ഒഴുക്കി വിടുന്നുണ്ട്.കൂടാതെ പല ഭാകങ്ങളിൽ തോടിന്റെ വീതി കൂടിയും കുറഞ്ഞും കാണാൻ സാദിച്ചു.

- മസ്റ്റർ റോള്ുകളിൽ വെട്ടിത്തിരുത്തലുകൾ ഇല്ലാതെ സുക്ഷിചിരിക്കുന്നത് വളരെ നല്ല കാര്യമാണ്.

- പ്രവർത്തി തുടങ്ങുന്നതിനു മുൻപ് സ്ഥലത്തിന്റ അവസ്ഥ മനസിലാകുന്നതുമായി ബെന്ധപ്പെട്ട യാതൊരു ഫോട്ടോയും ഫയലിൽ ലഭ്യമല്ല.

- പ്രവർത്തി സമയത്ത് തൊഴിലാളികൾക്ക് പണി ചെയ്യുന്നതിന് യാതൊരുവിത സുരക്ഷ ഉപകരണങ്ങളും ഉണ്ടായിരുന്നില്ല എന്ന് അവർ തന്നെ പറയുകയുണ്ടായി

- മെഷർമെന്റ് ബുക്ക് പ്രകാരം ; ആറാട്ട്കടവ് തോടിന്റ 634 m നീളത്തിൽ മണ്ണ് ഉപയോഗിച്ച് തേക്കുന്ന പ്രവർത്തിയും 601.5 m ചെളിനീക്കം ചെയ്യുന്നപ്രവർത്തിയുമാണ്. എന്നാൽ ഫീൽഡ് തലത്തിൽ അളന്നപ്പോൾ തോടിന്റ നീളം 1163.61m ലഭ്യമായത്.

- ആറാട്ട്കടവ് ബ്രാഞ്ച് തോടിന്റ 401 m നീളത്തിൽ മണ്ണ് ഉപയോഗിച്ച് തേക്കുന്ന പ്രവർത്തിയും 418 m ചെളിനീക്കം ചെയ്യുന്നപ്രവർത്തിയുമാണ് എന്നാൽ ഫീൽഡ് തലത്തിൽ അളന്നപ്പോൾ മനസില്ലക്കാൻ സാധിച്ചത് തോടിന്റ പല ഭാഗങ്ങളും വീട്ടുടമസ്ഥരുടെ മതിൽ കെട്ടിനുള്ളിലും വീടിനടിയിലൂടെയുമാണ് ഒഴുകുന്നത്.മാത്രമല്ല ത്ഴന്ന പ്രദേശമായതിനാൽ മഴ സമയത്ത് വെള്ളം കയറി ഒഴുകിയതിനാൽ പ്രവർത്തി കാണാൻ സാധിക്കുന്ന രീതിയിലായിരുന്നില്ലാ. കൂടാതെ തൊഴിലാളികൾ തോട് മുഴവനും വൃത്തിയാക്കുന്ന പ്രവർത്തിയാണ് ചെയ്തത് എന്ന് തൊഴിലാളികൾ തന്നെ പറയുകയുണ്ടായി.

- ആട്ടെതറ തോടിന്റ 634 m നീളത്തിൽ മണ്ണ് ഉപയോഗിച്ച് തേക്കുന്ന പ്രവർത്തിയും 601 m ചെളിനീക്കം ചെയ്യുന്നപ്രവർത്തിയുമാണ് എന്നാൽ ഫീൽഡ് തലത്തിൽ അളന്നപ്പോൾ മനസില്ലക്കാൻ സാധിച്ചത് മഴ സമയത്ത് വെള്ളത്തിന്റ ഒഴുക്ക് കൂടിയതിനാൽ തോട് ഇപ്പോൾ കാട്ടുമൂടിയും പ്രവർത്തി കാണാൻ സാധിക്കുന്ന രീതിയിലായിരുന്നില്ലാ

- കുളം തൊഴിലാളികൾ നല്ല രീതിയിൽ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ അത് എപ്പോൾ ഉപയോഗശൂന്യമായ രീതിയിലാണ് കാണാൻ സാധിച്ചത്.

- പ്രളയ ബാധിത പ്രദേശത്തെ എക്കൽ നീക്കം ചെയ്തു കൃഷിക്ക് ഉപയുക്തമാക്കൽ എന്നാ പ്രവർത്തിയുടെ എം.ബുക്ക് പ്രകാരം ബണ്ട് ചെയ്തിരുന്നത്3627.67m2 എന്നാൽ ഫീൽഡ് തലത്തിൽ അളന്നു തിട്ടപ്പെടുതിയപ്പോൾ 391.68m2 ലഭ്യമായത്.എന്നിരുന്നാലും പ്രദേശത്തെ മണ്ണിന്റ ഘടനയും വെള്ളക്കെട്ടും മൂലവും,കപ്പ ,പച്ചക്കറി എന്നിവ വിളവു എടുത്തതിനു ശേഷവും ബണ്ടുകൾ അളന്നുതിട്ടപ്പെടുത്താൻ ബുദ്ധിമുട്ടാണ്.

- Citizen information Board ഉണ്ടായിരുന്നില്ല
- എസ്റ്റിമേറ്റ് ഈ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇതിൽനിർവഹണ ഉദ്യോഗസ്ഥരുടെ ഒപ്പ് ,സീൽ ഡയഗ്രം,റേറ്റ് അനാലിസിസ്, സർവേ ഡാറ്റ എന്നിവ ഉണ്ടായിരുന്നില്ല.

.

- . ഭരണാനുമതിയുടെ ഈ പ്രിൻറ് ഔട്ട് സെക്രട്ടറിയുടെ സീൽ, തീയതി എന്നിവ ഉണ്ടായിരുന്നില്ല

- അനുചെദ പ്രകാരമുള്ള ഡിമാൻഡ് ഫോറം കാണാൻ സാധിച്ചില്ല. ഈ ഫയലിൽ . തൊഴിലിനു വേണ്ടി വെള്ള പേപ്പറിൽ എഴുതിയ അപേക്ഷയാണ് ഉണ്ടായിരുന്നത്. ഇതിൽ പേര്, തൊഴിൽ കാർഡ് നമ്പർ,തീയതി, എന്നിവയെല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് കൈപ്പറ്റി എന്നതിനുള്ള കൈപ്പറ്റ് രസീതിന്റെ കൗണ്ടർ രസീത് , മറ്റു തെളിവുകളോ ഈ ഫയലിൽ കാണാൻ സാധിച്ചില്ല. അതിനാൽ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകി നിശ്ചിത ദിവസത്തിനകം തൊഴിൽ ലഭ്യമാക്കിയൊ എന്ന് മനസ്സിലാക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. .

- ഇ മസ്റ്റർ റോളുകളിൽ ബ്ലോക്ക് ഡെവലപ്പ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും, സീലും രേഖപെടുത്തിയിട്ടുണ്ടെങ്കിലും തീയതി രേഖപ്പെടുത്തിയതായി കാണാൻ സാധിച്ചില്ല . എം. ബുക്ക്.നം.,പേജ്നം.എന്നിവ രേഖപെടിത്തിയട്ടില്ല.
- പ്രവർത്തിയെപ്പറ്റിയുള്ള പ്രാഥമികമായ എല്ലാ വിവരങ്ങളും സൈറ്റ് ഡയറിയിൽ ഉണ്ടായിരുന്നു. സൈറ്റ് ഡയറിയിൽ പ്രവർത്തി ആരംഭം മീറ്റിംഗ് വിവരങ്ങൾ മിനിട്സ്, സന്ദർശക കുറിപ്പ് എന്നിവ ഉണ്ടായിരുന്നു.എന്നാൽ വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റിയുടെ റിപ്പോർട്ട്, എന്നിവ ഉണ്ടായിരുന്നില്ല.
-

| Si no | Name/work code | Start date | End date | Estimate amount | Actual exprnce | M.B no. | mandays | |
|---|---|---|---|---|---|---|---|---|
| 1 | IF/259553 | 23-6-18 | 20-11-18 | 25000 | 24390 | 20/17.18 | 90 | |
| 2 | IF/376871 | 10-1-19 | 15-1-19 | 12000 | 11978 | 7/18.19 | 10,3 | |
| 3 | IF/376873 | 31-12-18 | 4-1-19 | 12000 | 11978 | 4/18.19 | 10.3 | |
| 4 | IF/259548 | 29-5-18 | | 25000 | 24390 | 40/17.18 | 90 | |

## കണ്ടെത്തലുകൾ

മസ്റ്റർ റോൾ പ്രകാരം അനുവദിച്ച മുഴവൻ തുകയും ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടുണ്ട്.

- അനുചെദ പ്രകാരമുള്ള ഡിമാൻഡ് ഫോറം കാണാൻ സാധിച്ചില്ല. ആയതിനാൽ ഡിമാൻഡ് പ്രകാരമാണോ തൊഴിൽ ലഭിച്ചത് എന്നാ കാര്യത്തിൽ വ്യക്തതയില്ല.
- Citizen information Board ഉണ്ടായിരുന്നില്ല.
- IHHL ഗുണഭോകതാക്കളുടെ മെറ്റിരിയൽ തുക ഇതുവരെ ലഭ്യമായിട്ടില്ല.

പ്രധാന നിരീക്ഷണങ്ങളും പൊതു നിർദേശങ്ങളും

- വർക്ക് ഫയലിൽ എ.എം.സി. പ്രകാരമുള്ള രേഖകൾ ഉൾപ്പെടുത്തണം.
- നിർവഹണ ഉദ്യോഗസ്ഥർ രേഖകളിൽ ഒപ്പ് വെക്കുമ്പോൾ തിയതി രേഖപ്പെടുത്തണം.

- 7 രെജിസ്റ്റെറർ അപ്ഡേറ്റ് ചെയ്യേണ്ടത് അത്യാവശ്യമാണ്.

- തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നുണ്ട്.കൃഷിസ്ഥലം ഒരുക്കുന്നതിലൂടെ കൃഷി പ്രോത്സാഹിപ്പിക്കാൻ സാധിക്കുണ്ട്. എങ്കിലും പദ്ധതിയുടെ യഥാർത്ഥ ഫലംത്തിൽ വിട്ടുവീഴ്ച വരുത്തിക്കൊണ്ട് തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുക എന്നാ ലക്ഷ്യത്തോടെ മാത്രമാണ് പ്രവർത്തി തയ്യാറാക്കിയിരിക്കുന്നത്.

  പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം ,മനസിലാക്കാത്തതിനാൽ ഭൂവുടമക്ക് എന്ത് പ്രവർത്തി യാണ് ചെയ്യേതെന്ന കാര്യത്തിൽ വ്യക്തതയില്ല. അതിനാൽ ഭൂവുടമയെയും പ്രവർത്തികളിൽ ഉൾപ്പെടുത്തണം.

  കൃഷിമുന്നൊരുക്ക പ്രവർത്തനങ്ങൾ പോലുള്ള പ്രവർത്തി ചെയ്തിരിക്കുന്നത് കൂടുതലും ദുർബല വിഭാഗത്തിന്റെ സ്ഥലങ്ങളില്ല എന്ന് മനസിലാക്കാൻ സാധിച്ചു. ആയതുകൊണ്ട് അവർക്ക് കുറച്ചു കൂടി മുൻഗണന കൊടുക്കേണ്ടത് അത്യാവശം ആണ്.

  .

- പ്രവർത്തികളുടെ സുധാര്യത ഉറപ്പു വരുത്തുന്നതിന് ആവശ്യമായ Citizen information Board ഉണ്ടായിരുന്നില്ല. ആയതിനാൽ അതിനു വേണ്ട പ്രവർത്തനങ്ങൾ ചെയ്യുക.
- തൊഴിലാളികളുടെ അടിസ്ഥാന സൗകര്യംങ്ങളായ തണൽ, കുടിവെള്ളം,പ്രാഥമിക ശുശുഷ കിറ്റ് എന്നിവ തൊഴിൽ സ്ഥലങ്ങളിൽ അപര്യപ്ത്തമാണ്. മാത്രമല്ല തണൽ,സുരക്ഷ ഉപകരണങ്ങളായ ഗ്ലൌസ്,ബൂട്ട് എന്നിവ തൊഴിലാളികൾക്ക് ലഭിക്കുന്നില്ല എന്ന് തൊഴിലാളികൾ,മേറ്റ്, എന്നിവർ തന്നെ പറയുകയുണ്ടായി
- കാലോചിതമായി പ്രവർത്തികൾ നൂപ്പില്ലാക്കാൻ സാധിക്കാത്തതിനാൽ പ്രവർത്തികളുടെ ഉദേശലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്നാ കാര്യത്തിൽ സംശയം ഉണ്ട്.അതിനാൽ പ്രവർത്തികൾ നിർദ്ദേശിക്കുമ്പോൾ മുതിർന്ന കർഷകരെയും,കാർഷിക കലണ്ടർ എന്നിവ പരിഗണിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.
- വി.എം.സി യുടെ പ്രവർത്തനം കാര്യാക്ഷമം ആക്കെണ്ടാതുണ്ട്.കൂടാതെ അവർ തൊഴിൽ ഇടം സന്ദർശിക്കുകയും തൊഴിലാളികൾക്ക് ആവശ്യാനുസരണം വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്യണ്ടത് അത്യാവശ്യമാണ്.
- തൊഴിലാളികൾക്ക് അവരുടെ ആവശ്യങ്ങൾ പറയാനും,അവരുടെ അവകാശങ്ങളെപ്പറ്റി അവരെ ബോധ്യപ്പെടുത്താനും ഉള്ള വേദിയായി തൊഴിലുറപ്പ് ദിനം നടത്തപ്പെടനം.

വരാപ്പുഴ പഞ്ചായത്ത് വാർഡു 1 (തേവർക്കാട്) ലെ മഹാത്മാഗാന്ധി ദേശിയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 2.25 pm നു തെവർക്കാട് മുകുന്ദശ്രീ

കല്യാണമണ്ഡപത്തിൽ വെച്ച് ഈശ്വര പ്രാർത്ഥനയോടുകൂടി ആരംഭിച്ചു. തുടർന്ന് ബ്ലോക്ക് റിസോഴ്സ് പെഴ്സൺ ശ്രീ പ്രിൻസ് ഫ്രാൻസിസ് കാര്യപരിപാടികളെയും അജണ്ടയും വിവരിച്ചു. ശേഷം പൊതു ജനങ്ങളിൽനിന്നും തൊഴിലുറപ്പ് തൊഴിലാളിയായ ശ്രീമതി ജാനകിയമ്മയെ അധ്യക്ഷയായി തിരഞ്ഞെടുത്തു. അതിനുശേഷം ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ ശ്രീ വിജു ചുള്ളിക്കാട് സഭയെ അഭിസംബോതന ചെയ്തു സംസാരിച്ചു. തുടർന്ന് ജില്ല റിസോഴ്സ് പെഴ്സൺ ജൂലി ജൊസഫ്. പി. പദ്ധതിയുടെ ആമുഖ അവതരണം നടത്തി.ആദ്യമയാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഈ പ്രകാരത്തിലുള്ള ഗ്രാമ സഭ നടക്കുന്നത്. മാത്രമല്ല എല്ലാവർക്കും നിർഭയം സംസാരിക്കാനും അഭിപ്രായങ്ങൾ പറയാനുമുള്ള വേദിയാണ് ഈ ഗ്രാമസഭ. ഈ ഗ്രാമസഭക്ക് പ്രതേക ക്വാറംത്തിന്റ ആവശ്യമില്ല. കൂടാതെ തൊഴിലുറപ്പിൽ ചെയ്യാ പ്രവർത്തികൾ ക്രത്യമായി പരിശോതിക്കപ്പെടുന്നില്ല. അതുകൊണ്ടാന്നു കേന്ദ്രസർക്കാർ നിർദേശ പ്രകാരം കേരള സർകാർ സോഷ്യൽ ഓഡിറ്റ് സംവിധാനം കൊണ്ടുവന്നത്.ഇത് പ്രകാരം ഓരോ പ്രവർത്തിയുടെ ഫയലുകൾ, രെജിസ്റ്റർ, തൊഴിൽ കാർഡു പരിശോധന, ഫീൽഡ് വെരിഫിക്കെഷൻ, പ്രവർത്തി സ്ഥലത്തെ ഗുണഭോക്തക്കളോട് ഇതിന്റ ഗുണത്തെപ്പറ്റി ചർച്ച ചെയ്തു വിവരങ്ങൾ ശേഖരിക്കൽഎന്നി ഘട്ടങ്ങൾക്ക് ശേഷം കരട് റിപ്പോർട്ട് തയ്യാറാക്കി ഗ്രമസഭയിൽ അവതരിപ്പിക്കുകയും തുടർന്ന് ചർച്ച ചെയ്തു എല്ലാവരുടയും നിർദേശങ്ങൾ ഉൾപ്പെടുത്തി ഗ്രാമ സഭ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്യും.അതിനാൽ ഈ പ്രവർത്തനങ്ങളിലേക്ക് ഇവിടുത്തെ ജനങ്ങളുടെ സ്വതന്ത്ര ഇടപെടലും, പിന്തുണയും ആവശ്യപ്പെട്ടു.

തുടർന്ന് ബ്ലോക്ക് റിസോഴ്സ് പെഴ്സൺ കരട് റിപ്പോർട്ട് അവതരിപ്പിച്ചു. പ്രവർത്തി ഫയലിൽ വേണ്ട 22 ഇനം ഡോകുമെന്റ്സ്നെക്കുറിച്ചും 7 രെജിസ്റ്ററുകളെക്കുറിച്ചും,തൊഴിൽ കാർഡു പരിശോധ വിവരങ്ങളും, വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി(VMC), സിറ്റിസെൻ ഇൻഫർമേഷൻ ബോർഡ്(CIB), റോസ്ഗാർ ദിവസ് എന്നിവയുടെ അവശ്യകഥയെപ്പറ്റിയും, ഇവ ക്രത്യമായി സൂക്ഷിചിട്ടുണ്ടോ എന്നതിനെപ്പറ്റിയും വിവരിച്ചു.

## പൊതുപ്രവർത്തികൾ

1.ആറാട്ട്കടവ് തോട് പുനരുദ്ധാരണം

2. ആറാട്ട്കടവ് ബ്രാഞ്ച് തോട് പുനരുദ്ധാരണം

3. ആട്ടെത്തറ തോട് പുനരുദ്ധാരണം

4.ഒന്നാം വാർഡിൽ വെള്ളക്കെട്ട് ഒഴിവക്കാന്നുള്ള ഒവ്വാലുകളുടെ നവീകരണം.

5.ഒന്നാം വാർഡിൽ കുളം നിർമാണം

6.ഒന്നാം വാർഡിൽ പ്രളയബാധിത പ്രദേശങ്ങളിൽ എക്കൽ നീക്കം ചെയ്തു ഭൂവികസന പ്രവർത്തികൾ.

7.ഭവന നിർമാണം ലേഖ ഹരീഷ്

8. ഭവന നിർമാണം ശോഭ സുരേഷ്

9.IHHL നിർമാണം ലേഖ ഹരീഷ്

1o. IHHL നിർമാണം ശോഭ സുരേഷ്

**കണ്ടെത്തലും/നീരീക്ഷണങ്ങൾ**

*മസ്റ്റർ റോൾ വെട്ടിത്തിരുത്തൽ ഇല്ലാതെ സൂക്ഷിച്ചിരിക്കുന്നത് വളരെ പ്രശംസനീയമാണ്.

എ.എം. സി. പ്രകാരമുള്ള രേഖകൾ ഫയലിൽ അപൂർണമായാണ് സൂക്ഷിച്ചിരിക്കുനത്.

7 രേജിസ്റ്റ്റ്കൾ എല്ലാം തന്നെ അപ്ഡേറ്റ് ചെയ്തട്ടില്ല. മാത്രമല്ല തൊഴിലുറപ്പ് ഗ്രാമസഭ മിനിറ്റ്സ് പൊതു ഗ്രാമ സഭ രേജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നത്.

*ആറാട്ട്കടവ് തോട്,ആറാട്ട്കടവ് ബ്രാഞ്ച് തോട്, ആട്ടെത്തറ തോട് എന്നി തോടുകളുടെ ഭൂരിഭാഗവും നീളം വ്രത്തിയക്കുന്ന പ്രവർത്തിയാണ് തൊഴിലാളികൾ ചെയ്യത് എന്ന് മനസിലാക്കാൻ സാധിച്ചു. എന്നാൽ എസ്റ്റിമെറ്റ് പ്രകാരമാണോ അവർ പ്രവർത്തി ചെയ്യതു എന്നാ കാര്യത്തിൽ വ്യക്തതയില്ല.

* കൈയുറ, കാലുറ എന്നിവ തോട് നവീകരണം എന്നാ പ്രവർത്തി സമയത്ത് പ്രവർത്തി സ്ഥലത്ത് ഉണ്ടായിരുന്നില്ല.

* CIB ഒരു  പ്രവർത്തി സ്ഥലത്തും ഉണ്ടായിരുന്നില്ല.

* VMC യിൽ തൊഴിലാളികൾ തന്നെയാണ് അംഗങ്ങൾ ആയിരുന്നത്.

* കൃഷി മുന്നൊരുക്ക പ്രവർത്തനങ്ങൾ ജനറൽ വിഭാഗങ്ങളുടെ സ്ഥലത്താണ് കൂടുതലും കാണാൻ സാധിച്ചത്.

* പ്രഥമ ശുശ്രൂഷ കിറ്റ് അപര്യാപ്തമാണ്.

* ആറാട്ടുകടവ് തോട് പുനരുദ്ധാരണം എന്നാ പ്രവർത്തി എസ്റ്റിമെറ്റ് പ്രകാരം തോട് സൈഡ് കാടുവെട്ടൽ, മണ്ണ് തേച്ചു പിടിപ്പിക്കുന്ന ,മണ്ണ് കോരിമാറ്റുന്ന പ്രവർത്തി 600m ആണ്.  എം.ബുക്ക് പ്രകാരം ഈ പ്രവർത്തികൾക്ക് ചെയ്തിരിക്കുന്ന അളവുകൾ യഥാക്രമം 565m,634m,601m. എന്നാൽ ഫീൽഡ് പരിശോധനയിൽ ലഭ്യമായത് ജിയോ ട്രാക്കർ സാങ്കേതിക വിദ്യ പ്രകാരം 620m. ആണ് (തോട്ന്റ നീളം)

* ആറാട്ടുകടവ് ബ്രാഞ്ച് തോട് പുനരുദ്ധാരണം എന്നാ പ്രവർത്തി എസ്റ്റിമെറ്റ് പ്രകാരം തോട് സൈഡ് കാടുവെട്ടൽ, മണ്ണ് തേച്ചു പിടിപ്പിക്കുന്ന ,മണ്ണ് കോരിമാറ്റുന്ന പ്രവർത്തി 500m ആണ്.  എം.ബുക്ക് പ്രകാരം ഈ പ്രവർത്തികൾക്ക് ചെയ്തിരിക്കുന്ന അളവുകൾ യഥാക്രമം 453m,401m,418m. എന്നാൽ ഫീൽഡ് പരിശോധനയിൽ ലഭ്യമായത് ജിയോ ട്രാക്കർ സാങ്കേതിക വിദ്യ പ്രകാരം 476.57m ആണ്. (തോട്ന്റ നീളം)

*  ആട്ടെത്തറ  തോട് പുനരുദ്ധാരണം എന്നാ പ്രവർത്തി എസ്റ്റിമെറ്റ് പ്രകാരം തോട് സൈഡ് കാടുവെട്ടൽ, മണ്ണ് തേച്ചു പിടിപ്പിക്കുന്ന ,മണ്ണ് കോരിമാറ്റുന്ന പ്രവർത്തി 550m,510m,510m ആണ്.  എം.ബുക്ക് പ്രകാരം ഈ പ്രവർത്തികൾക്ക് ചെയ്തിരിക്കുന്ന അളവുകൾ യഥാക്രമം 372m,285m,265m. എന്നാൽ ഫീൽഡ് പരിശോധനയിൽ ലഭ്യമായത് ജിയോ ട്രാക്കർ സാങ്കേതിക വിദ്യ പ്രകാരം 300m ആണ്. (തോട്ന്റ നീളം)

* കുളം നിർമാണം 12*12 m, എം.ബുക്ക്. പ്രകാരം 10*10m, ഫീൽഡ് പരിശോധനയിൽ ലഭ്യമായത് 10*10m

* ഓവുചാൽ നവീകരണം എസ്റ്റിമെറ്റ് പ്രകാരം കാട്ടുവെട്ടൽ, ,മണ്ണ് കോരിമാറ്റുന്ന പ്രവർത്തി 2300m,650m ആണ്.  എം.ബുക്ക് പ്രകാരം ഈ പ്രവർത്തികൾക്ക് ചെയ്തിരിക്കുന്ന അളവുകൾ യഥാക്രമം 1873m,483m എന്നാൽ ഫീൽഡ് പരിശോധനയിൽ ലഭ്യമായത് ജിയോ ട്രാക്കർ സാങ്കേതിക വിദ്യ പ്രകാരം 697.56m ആണ്. (ഓവുചാലിന്റ നീളം)

* പ്രളയബാധിത പ്രദേശങ്ങളിൽ എക്കൽ നീക്കം ചെയ്തു ഭൂവികസന പ്രവർത്തികൾ എസ്റ്റിമെറ്റ് പ്രകാരം കാട്ടുവെട്ടൽ, ,മണ്ണ് കിളച്ചുമറിക്കൽ,വാരം നിർമാണം പ്രവർത്തി 8000m,8000m,3627.57m ആണ്.  എം.ബുക്ക് പ്രകാരം ഈ പ്രവർത്തികൾക്ക് ചെയ്തിരിക്കുന്ന അളവുകൾ യഥാക്രമം 4659.8m,7834.83m,3627.57m എന്നാൽ ഫീൽഡ് പരിശോധനയിൽ വാരം ലഭ്യമായത് 391.68m( വെള്ളകെട്ടും,മണ്ണിന്റെ ഘടനയും,കപ്പ, പച്ചക്കറി എന്നിവ വിളവെടുത്തതിനു ശേഷം).

* വ്യക്തികത തൊഴിലാളികൾക്ക് മെറ്റീരിയൽന്റ തുക ഒഴികെ എല്ലാം പൈസയും ലഭിച്ചിട്ടുണ്ട്

പിന്നിട് നടന്ന ചർച്ചയിൽ ജൂലി സോഷ്യൽ ഓഡിറ്റ് സമിതി രൂപികരിക്കുന്നതിന്നെപ്പറ്റിയും, തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ടു എല്ലാവരും അവരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും പറയണമെന്നും പറഞ്ഞു. അതിനുശേഷം ഒരു വി.എം.സി. അംഗം പറഞ്ഞു മേറ്റ് ഒപ്പിടാൻ പറയുമ്പോൾ ഒപ്പിടും മറ്റൊന്നും ഞങ്ങൾക്ക് അറിയില്ല. പിന്നെ ക്ഷീരകർഷകരെ തൊഴിലുറപ്പിൽ ഉൾപ്പെടുത്തണം എന്നും,എസ്.സി/എസ്.ടി വിഭാഗക്കാർക്ക് ഭൂമി കുറവാണെന്നും അതിനാൽ കൃഷിക്ക്ഉപയുക്തമാക്കുന്ന  പ്രവർത്തികൾ ജനറൽ വിഭകക്കാരെ ഉൾപ്പെടുത്തണമെന്നും പറയുകയുണ്ടായി.ഇതിനു മറുപടിയായി ജൂലി ക്ഷീരകർഷകർക്ക് പശുവിനെ നൽകുന്ന പദ്ധതി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലാനെന്നും അവർക്ക് മനസ്സിലാക്കികൊടുത്തു. കൂടാതെ എക്സ്റ്റൻഷൻ ഓഫീസർ പറയുകയുണ്ടായി ക്ഷീര കർഷകർക്ക് തൊഴുത്ത്, തീറ്റപുൽ കൃഷി എന്നി പ്രവർത്തികൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെയ്യാംമെന്നും, മാത്രമല്ല അളക്കാൻ സാധിക്കുന്നതും ,നിലനിൽക്കുന്നതുമായ പ്രവർത്തി വേണം ഈ പദ്ധതിയിൽ ചെയ്യുവാനും.ജനങ്ങളാണ് കൂട്ടായി ചർച്ചചെയ്തു പ്രവർത്തികൾ  നിർദേശിക്കേണ്ടതും ചെയ്യേണ്ടതും. മാത്രമല്ല പ്രവർത്തി ചെയ്യാൻ താൽപ്പര്യം ഉള്ള ആർക്കുവേണമെങ്കിലും തൊഴിൽകാർഡു എടുക്കാനും പണിചെയ്യാനും അവകാശം ഉണ്ട്. പിന്നീട് ജൂലി തൊഴിലാളികളോട് തൊഴിലിനുവേണ്ടി കൃത്യമായി തിയതിയോട് കൂടി അപേക്ഷിക്കണമെന്നും കൈപ്പറ്റു രസീത് കൈപ്പറ്റണമെന്നുംആവശ്യപ്പെട്ടു. ആതിനുശേഷം ഗ്രാമസഭയിൽ ചാർട്ട് പേപ്പറിൽ എഴുതി തയ്യാറാക്കിയ  തൊഴിലാളികളുടെ പത്തു അവകാശങ്ങളെപ്പറ്റി അവരോടു സംസാരിച്ചു. തുടർന്ന് വരാപ്പുഴ പഞ്ചായത്ത് വൈസ് പ്രസിഡന്റ്, തൊഴിലുറപ്പ് ജീവനക്കാർ കൂലി ലഭിക്കുന്നതുമായി ബന്ധപ്പെട്ടു എല്ലാ പ്രവർത്തനങ്ങളും ചെയ്തതിനുശേഷവും 15 ദിവസത്തിനകം തൊഴിലാളികൾക്ക് കൂലി ലഭിക്കുന്നില്ല എന്നും തൊഴിൽദിനങ്ങൾ നഷ്ടപ്പെടതെ തൊഴിലാളികൾക്ക് ലഭിക്കാൻ ശ്രദ്ധിക്കണമെന്നും, പല പ്രവർത്തികൾ കാലാവസ്ഥ വെതിയാനം മൂലം നശിച്ചുപോയെന്നും അവർ പറയുകയുണ്ടായി. തുടർന്ന് പ്രിൻസ് ഫ്രാൻസിസ് തൊഴിലാളികളോട് പ്രവർത്തി സ്ഥലത്തെ സൗകര്യങ്ങളെപ്പറ്റി എന്ത് കാര്യങ്ങളും പറയാമെന്നു ആവശ്യപ്പെട്ടു

അപ്പോൾ സുശീല എന്നാ ഒരു തൊഴിലാളി പണിയായുധങ്ങൾക്ക് മൂർച്ച കൂട്ടുന്നതിനും , അവയുടെ വാടകയും ഞങ്ങൾക്ക് ലഭ്യമാക്കണമെന്നും. കൂടാതെ മേറ്റ് സുരക്ഷഉപകരണങ്ങളായ ഗ്ലൌസ്, ബൂട്ട് എന്നിവ ലഭ്യമാക്കണമെന്നും, മറ്റൊരു തൊഴിലാളി മരുന്നുകൾ കൃത്യമായി കിട്ടുന്നില്ലയെന്നും, 100 പണിക്കു ഒരു തവണനൽകിയാൽ മതിയോ എന്നും പറയുകയുണ്ടായി. ഇതിനുമറുപടിയായി പഞ്ചായത്ത് തൊഴിലുറപ്പ് വിഭാകം A.E മേഴ്സി മേറ്റ് മരുന്ന് വാങ്ങിയ ബിൽ തരുന്ന മുറക്ക് തുക അനുവതിക്കറുണ്ടെന്നും ഒരുപാടു മരുന്നുകൾ നൽകാറില്ല എന്നും പറഞ്ഞു. ശേഷം ജില്ല റിസോഴ്സ് പെഴ്സൺ 34 തൊഴിലാളികൾക്ക് ഒരു തവണ നൽകിയാൽപോര എന്നും പറഞ്ഞു. പിന്നീട വാർഡ് മെമ്പർ പറഞ്ഞു എല്ലാ അസുഖങ്ങൾക്കും മരുന്നു നൽകുന്നകാര്യം ബുദ്ധിമുട്ടാണ് എന്നാൽ പ്രാഥമിക ആവശ്യത്തിനുള്ള മരുന്ന് നല്ലൊന്നുള്ള ക്രമീകരണം ചെയ്യാം. പ്ലാൻ ഫണ്ട് പഞ്ചായത്തിൽ ഇല്ലയെങ്കിലും ബൂട്ട് , കൈയുറ എന്നിവ എല്ലാവർക്കും നൽകാനുള്ള നടപടികൾ ആലോചിക്കാം. ശേഷം DRP പറയുകയുണ്ടായി AMC പ്രകാരം ഉദ്യോഗസ്ഥതലത്തിലും ഭരണസമിതി തലത്തിലും ഈ കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കണം.

തുടർന്ന് അപകടങ്ങൾപ്പറ്റിയിട്ടുണ്ടോ എന്നാ ചോദ്യത്തിന് ഒരു തൊഴിലാളി 2009 ൽ പറ്റിയിട്ടുണ്ട് എന്നും എന്നാൽ ഒരു ആനുകൂല്യംവും ലഭിച്ചിട്ടില്ല എന്നും പറഞ്ഞു. പിന്നീട് ബ്ലോക്ക് റിസോഴ്സ് പെഴ്സൺ പ്രവർത്തി സ്ഥലത്ത് വെച്ച അപകടം സംഭവിച്ചിട്ടുണ്ടെങ്കിൽ ആദ്യം സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തണം തുടർന്ന് ജോലി ചെയ്യാൻ സാധ്യമല്ലെങ്കിൽ പ്രസ്തുത മസ്റ്റർ റോൾ പ്രകാരം ബാലൻസ് ഉള്ള ദിവസത്തിനു പകുതി തുക അവർക്ക് ലഭിക്കും. മരണപ്പെട്ടാലോ അല്ലെങ്കിൽ അംഗവൈകല്യം സംഭവിച്ചാലോ കുടുംബത്തിന് നഷ്ടപരിഹാരം ലഭിക്കാനുള്ള അവകാശവും ഉണ്ട്. അതിനുശേഷം സോഷ്യൽ ഓഡിറ്റ് സമിതി രൂപികരിക്കുന്നമെന്നും വി.എം.സി. അംഗങ്ങളെ തിരഞ്ഞെടുക്കനമെന്നും പറഞ്ഞു. എന്നാൽ വി.എം.സി അംഗങ്ങളായി മറ്റു ആളുകളെ തിരഞ്ഞെടുത്താൽ അവർ സൈറ്റ്ൽ വരാറില്ലയെന്നും മാത്രമല്ല അവരുടെ വിടുകളിൽ ചെന്ന് സൈറ്റ് ഡയറി ഒപ്പിടിക്കണമെന്നും കൂടാതെ അവരുടെ സ്ഥലങ്ങളിൽ പ്രവർത്തികൾ ചെയ്യാൻ നിർബ്ബന്ധിക്കുമെന്നും തൊഴിലാളികൾ തന്നെ പറയുകയുണ്ടായി. എന്നാൽ ഇതിനു മറുപടിയായി BRP , മാസ്റ്റർ സർക്കുലർ പ്രകാരം V.M.C അംഗങ്ങളാവേണ്ടത് അംഗനവാടി വർക്കർ, SHG മെമ്പർ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേർസൺ,യൂത്ത് ക്ലബ്ബ്, എന്നിവരെയാണ് ഉൾപ്പെടുത്തേണ്ടത്. കൂടാതെ സൈറ്റ് ഡയറിയിൽ സന്ദർഷക കുറിപ്പിന്റ ഭാകം കൃത്യമായി രേഖപ്പെടുത്തണമെന്നും മേറ്റ്നെ പറഞ്ഞു ബോധ്യപ്പെടുത്തി. തുടർന്ന് വരാപ്പുഴ തൊഴിലുറപ്പ് A.E തൊഴിലുറപ്പ് പദ്ധധി സുധാര്യമാക്കാൻ സോഷ്യൽ ഓഡിറ്റ് ഉപകരിക്കും, പിന്നെ തൊഴിലാളികൾ കൂടുതലും പ്രായമേറിയവർ ആയതിനാൽ time & motion study നടത്തേണ്ടത് അത്യാവശ്യം ആണ്. ഫസ്റ്റ് എയ്ഡ് മേറ്റ് പ്രത്യേകം ശ്രദ്ധിക്കണം. പഞ്ചായത്ത് പ്ലാൻ ഫണ്ട് കുറവയാതിനാൽ ബൂട്ട് , കൈയുറ എന്നിവ നൽകാൻ ബുദ്ധിമുട്ട് നേരിടുന്നു. എന്നാലും ഭരണസമിതിയിൽ ചർച്ചചെയ്തു പരിഹാരം കാണാമെനും, ഉപകരണം മൂർച്ച കൂട്ടാന്നുള്ള തുക നൽകാനുള്ള തീരുമാനം കഴിഞ്ഞ ആലങ്ങാട് പഞ്ചായത്ത് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭക്ക്ശേഷം BPO മുഖന്തരം തീരുമാനം എടുത്തു എന്നും പറയുകയുണ്ടായി. ശേഷം വാർഡു മെമ്പർ തുടർ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്താമെന്നും പറഞ്ഞു യോഗം 4.30pm നു അവസാനിച്ചു.

## നിർദേശങ്ങൾ

- അടിസ്ഥാനസൌകര്യങ്ങളായ തണൽ,കുടിവെള്ളം, ലഭ്യമാക്കണം.

- തൊഴിലാളികൾക്ക് കൈയുറ.ബൂട്ട,എന്നിവ ലഭ്യമാക്കണം,അതോടൊപ്പം പണിയായുധങ്ങളുടെ മൂർച്ച കൂട്ടുന്നതുനുള്ള തുകയും.
- ഗ്രാമസഭയിൽ തൊഴിലുറപ്പ് പ്രവർത്തി നിശ്ചയിക്കുന്നതിലും പദ്ധതി ആസൂത്രണത്തിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.
- സോഷ്യൽ ഓഡിറ്റ് അത്യന്തപേക്ഷിതമാണ്.
- തൊഴിൽ ദിനംങ്ങൾ വർദ്ധിപ്പിക്കണം.
- കൂലി സമയബന്ധിതമായി ലഭ്യമാക്കണം..
- തൊഴിലുറപ്പ് കൂലി വർദ്ധിപ്പിക്കണം.
- പെൻഷൻ ലഭ്യമാക്കണം.
- തൊഴിൽ സമയം കുറക്കണം.
- VMC കമ്മിറ്റി രൂപികരണം
- ഫസ്റ്റ് എയിഡ് കൃത്യമായി ലഭ്യമാക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തണം.
- സോഷ്യൽ ഓഡിറ്റ് സമിതി രൂപികരിക്കണം.

.

.

എന്നി അവശ്യങ്ങളാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ ഉന്നയിച്ചത്.വാർഡിലെ തന്നെ ഒരാളുടെ മരണം കാരണം പൊതു ജനങ്ങൾ അയാളുടെ സംസ്ക്കാരത്തിന് പോയതിനാൽ ഗ്രാമസഭ നിർദേശ പ്രകാരം പിന്നിട് ആളുകളെ വിളിച്ചു കൂട്ടി VMC അംഗങ്ങൾ, സോഷ്യൽ ഓഡിറ്റ് സമിതി അംഗങ്ങൾ, എന്നിവരെ തിരഞ്ഞെടുക്കാൻ തീരുമാനിച്ചു. അടുത്ത സോഷ്യൽ ഓഡിറ്റ് ഗ്രാമസഭക്കുമുന്പ്പു ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കു തീരുമാനങ്ങൾ എടുക്കുന്നുള്ള ക്രമീകരണങ്ങൾ ചെയ്യുംമെന്നു പ്രദീക്ഷിക്കുന്നു.